22
ജൂലൈ 2023
ശനി
Pages- 5
Vol. 2 Issue 170

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

539

## കലാപത്തിന്റെ മറവിൽ

# ആസൂത്രിതമായ ക്രൈസ്തവവേട്ട: മുഖ്യമന്ത്രി



**മണിപ്പൂരിലെ കൊടുംക്രൂരത മറച്ചുവെക്കാനുള്ള കേന്ദ്ര ഇടപെടലിൽ ഫേസ്ബുക്ക് പോസ്റ്റുകൾ ഡിലീറ്റ് ചെയ്യുന്നു**

പേജ് 4 കാണുക

## എഡിറ്റോറിയൽ
## ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 22 ശനി



# മാറിമറിയുന്ന സമവായങ്ങൾ

രാഷ്ട്രീയത്തിൽ സ്ഥിരം ശത്രുക്കൾ ഇല്ല എന്നൊരു ചൊല്ലുണ്ട്. അതായത് ഏത് കാര്യസാദ്ധ്യത്തിനായി, അധികാരം പിടിക്കുവാനായി, ഏതു എതിരാളികളുമായി യാതൊരു ഉളുപ്പുമില്ലാതെ ഇന്നലെ പറഞ്ഞത് മുഴുവൻ വിഴുങ്ങി ഒന്നായിത്തീരുന്നതിനെയാണു നയതന്ത്രം എന്നു പറയുന്നത്. നയവും തന്ത്രവും ചേർന്നതാണ് നയതന്ത്രം. അതിൽ പ്രാവീണ്യം തെളിയിച്ച വരെയാണ് ചാണക്യൻ, രാഷ്ട്രീയ ഭീഷ്മാചാര്യൻ എന്നൊക്കെയുള്ള ഓമനപ്പേരിട്ടു വിളിക്കുന്നത്. ആധുനിക രാഷ്ട്രീയമീമാംസയിൽ മറിയുന്നത് കോടികൾ ആണെന്നു നമുക്കറിയാം.

ഇപ്പോൾ ഇത് എഴുതുവാൻ ഒരു പ്രത്യേക കാരണമുണ്ട്. മിഡിൽ ഈസ്റ്റിൽ ഒരു പുതിയ സമവായം ഉരുത്തിരിഞ്ഞു വരികയാണ്. ചില നാളുകളായി സൗദിഅറേബ്യയും യെമെനിലെ ഹൂദികളും തമ്മിൽ നടന്നിരുന്ന യുദ്ധങ്ങൾക്കു വെടിനിർത്തൽ ഉണ്ടാക്കുന്ന ഒരു നീക്കം നടക്കുകയാണ്. ഇതിനു ഇടനില്കുന്നതു ചൈനയാണ്. ചൈനയും യെമെനും തമ്മിൽ 1958 മുതൽ ഉഭയകക്ഷി ബന്ധങ്ങൾ നിലവിലുണ്ട്. യെമെനിലെ ഹൂദികൾക്കു ഇറാനും ചൈനയും റഷ്യയും ഉൾപ്പെട്ട അച്ചുതണ്ടു ആയുധവും പണവും നല്കി സഹായിക്കുമ്പോൾ എതിർചേരിയിൽ അമേരിക്കയും മറ്റും ഉണ്ട് എന്നു നമുക്കറിയാം. യെമെനിലെ ഷിയാ ന്യൂനപക്ഷമാണ് ഹൂദികൾ. 'ദൈവം വലിയവൻ, അമേരിക്ക തുലയട്ടെ, യിസ്രയേൽ തുലയട്ടെ, യെഹൂദൻ ശപിക്കപ്പെടട്ടെ, ഇസ്ലാം വിജയിക്കട്ടെ,' എന്നതാണ് ഹൂദി മിലിഷ്യായുടെ ശ്ളോകം. അമേരിക്കയ്ക്കും യിസ്രയേലിനും എതിരായ നീക്കത്തിൽ അവരുടെ എതിരാളികൾ കൈകോർക്കുക സ്വാഭാവികം. അവരുടെ യുദ്ധത്തിൽ ചൈന ഏറെ മുതലെടുപ്പു നടത്തിയിരുന്നു. ഇപ്പോൾ ചൈന മലക്കംമറിഞ്ഞു സൗദിയുമായി അടുക്കുന്നു. വെടിനിർത്തലിനു മദ്ധ്യസ്ഥം വഹിക്കാം എന്നു പറയുന്നു, അതിനു മുൻകൈ എടുക്കുന്നു. പുതിയ ധ്രുവീകരണത്തിനു ഹേതുവാകാൻ സാദ്ധ്യതയുള്ള ഈ നീക്കത്തെ ലോകം ശ്രദ്ധയോടെ ഉറ്റുനോക്കുന്നു. വെടിനിർത്തൽ ആവശ്യമാണെന്ന് ഏവരും പറയുമ്പോൾ തന്നെ മദ്ധ്യവർത്തി യായി ചൈന വരുന്നതാണു ഏവരേയും അലോരസപ്പെടുത്തുന്നത്. ഇതിനു പിന്നിലെ കുറുക്കൻ ബുദ്ധിയാണ് ഏവരുടെയും നെറ്റി ചുളിക്കുന്നത്. രക്തം കുടിക്കുന്ന കുറുക്കന്റെ റോളാണ് ഇത്രയും നാളും ചൈനയ്ക്കു ഉണ്ടായിരുന്നത്. പെട്ടെന്നുള്ള ഈ ചുവടുമാറ്റം ഏവരെയും അമ്പരപ്പിച്ചിരിക്കുന്നു.

ചൈനയുടെ ഈ നീക്കത്തെ രാഷ്ട്രീയനിരീക്ഷകർ വിവിധ വീക്ഷണകോണിലൂടെയാണ് വിശകലനം ചെയ്തു കൊണ്ടിരിക്കുന്നത്. അതിന്റെ ഏറ്റവും വലുതും ഒന്നാം സ്ഥാനത്തുള്ളതും ചൈനയുടെ സാമ്പത്തിക തകർച്ചയാണ്. ചൈന കയറ്റുമതി ചെയ്ത കൊറോണാ വൈറസ് ലോകത്തെ എങ്ങനെ തകർത്തു എന്നു നേരിൽ കണ്ടു അറിഞ്ഞവരാണു നമ്മൾ. അതിന്റെ പേരിൽ കടുത്ത വിമർശനവും; കൊറോണയെ 'ചൈനീസ് വൈറസ്' എന്നു അമേരിക്കൻ പ്രസിഡണ്ട് വിളിച്ചതും ചൈന അതിനെതിരെ പ്രതിഷേധിച്ചതും ഒക്കെ നാം കണ്ടറിഞ്ഞവരാണ്. ഇതിനു തുടർച്ചയായി ചൈനയ്ക്കെതിരെ നടന്ന സാമ്പത്തിക ഉപരോധത്തിന് മുന്നിൽ ഇന്ത്യയായിരുന്നു. ഇന്ത്യ സധൈര്യം ചൈനീസ് ഉല്പന്നങ്ങൾ നിരോധിച്ചു. പിന്നാലെ മറ്റു രാജ്യങ്ങളും ഉല്പന്നങ്ങൾ ചൈനീസ് ഗോഡൗണിൽ കെട്ടികിടക്കുന്നു. അതു ഡെഡ് മണിയായി. ചൈനീസ് കോടീശ്വരന്മാർ നാടുവിടുവാൻ തുടങ്ങിയിട്ടു നാളുകളേറെയായി. ഇപ്പോൾ സാധാരണക്കാരും ആ വഴിക്കാണ്. ചൈനയിലേക്കു ടൂറിസ്റ്റുകൾ പോകാതെയായി. ചൈനയെ സഹായിച്ചിരുന്ന റഷ്യ, യുക്രെയ്ൻ യുദ്ധത്തിൽ താറുമാറായി. ചൈന സാമ്പത്തികമായി സഹായിച്ച പാകിസ്ഥാനും ശ്രീലങ്കയും തകർന്നു തരിപ്പണമായി. അവിടെനിന്നു റിട്ടേൺസ് കിട്ടാതെയായി.
ഈ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നു ചൈനക്കു കരകയറിയേ മതിയാകൂ. യു.എ.ഇ.യും യിസ്രായേലും തമ്മിലുള്ള 'ടൈ അപ്പ്ളം' യു.എ.ഇ. സൗദി സൗഹൃദവും; ഇറാനു അമേരിക്കയോടും യിസ്രായേലിനോടും ഉള്ള വിരോധവും;
ഹൂദികളുടെ മുദ്രാവാക്യവും ഒന്നും സൗദിയുമായി കൂടി ചേരുവാൻ ചൈനയ്ക്ക് ഇപ്പോൾ ഒരു തടസ്സമേ അല്ലെന്നു തോന്നുന്നു. ഈ സമവായം പൂർത്തിയാകുമ്പോൾ സൗദിക്കു പാകിസ്ഥാനിന്റെയും ശ്രീലങ്കയുടെയും ഗതി വരും എന്നാണു ചിലർ സംശയിക്കുന്നത്. അതെന്തായാലും പുതിയ രാഷ്ട്രീയ സമവാക്യങ്ങൾ മദ്ധ്യപൂർവേഷ്യയിൽ ഉരുത്തിരിയുകയാണ്. യിസ്രായേലിനെതിരെ അതിന്റെ ശത്രുക്കൾ മൃദുഭാവം സ്വീകരിക്കുന്നതു ബൈബിൾ പ്രവചനങ്ങളുടെ ഒന്നാംഘട്ട നിവർത്തീകാരണമാണ്. അതു എതിർ ക്രിസ്തുവിന്റെ വരവിനു വഴിയൊരുക്കൽ ആണെന്നറിഞ്ഞ് വിശ്വാസികൾ വിശ്വാസത്തിൽ ശക്തിപ്പെടട്ടെ. നമ്മുടെ കർത്താവു വരാറായി.



പാസ്റ്റർ സണ്ണി പി സാമുവൽ

# യുഎസ് നാവിക സേനയുടെ തലപ്പത്തേക്ക് ആദ്യമായി വനിത: ലിസ ഫ്രാങ്കെറ്റി



വാഷിങ്ടൺ: യുഎസ് നാവികസേനയുടെ തലപ്പത്തേക്ക് ആദ്യമായി ഒരു വനിതയെ തിരഞ്ഞെടുത്ത് പ്രസിഡന്റ് ജോ ബൈഡൻ. അഡ്മിറൽ ലിസ ഫ്രാങ്കെറ്റിയെയാണ് നാവിക സേന മേധാവിയായി ബൈഡൻ നിയമിച്ചത്. ലിസയുടെ 38 വർഷത്തെ സ്തുത്യർഹമായ സേവനം കണക്കിലെടുത്താണ് പുതിയ ചുമതല നൽകുന്നതെന്ന് ബൈഡൻ വ്യക്തമാക്കി. കരിയറിലുടനീളം ഫ്രാങ്കെറ്റി മികച്ച പ്രകടനമാണ് കാഴ്ചവച്ചതെന്നും ബൈഡൻ കൂട്ടിച്ചേർത്തു. "യുഎസ് നാവികസേനയിൽ ഫോർ സ്റ്റാർ അഡ്മിറൽ പദവി നേടുന്ന രണ്ടാമത്തെ വനിതയാണ് ലിസ ഫ്രാങ്കെറ്റി. നാവിക ഓപ്പറേഷൻസ് മേധാവിയായി ചുമതലയേറ്റ് ചരിത്രം കുറിക്കുകയാണ് ലിസ." ജോ ബൈഡൻ പറഞ്ഞു. ലോകം ഇതുവരെ കണ്ടതിൽ വച്ച് ഏറ്റവും മികച്ച നാവിക സേനയായി ലിസയുടെ നേതൃത്വത്തിൽ യുഎസ് സേന നിലകൊള്ളുമെന്ന് യുഎസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിൻ പറഞ്ഞു. നിലവിൽ യുഎസ് നാവികസേനയുടെ വൈസ് ചീഫായി സേവനമനുഷ്ഠിക്കുകയാണ് ലിസ ഫ്രാങ്കെറ്റി. 1985ലാണ് ലിസ സേനയിൽ എത്തുന്നത്. കൊറിയയിലെ യുസ് നാവിക ഓപ്പറേഷനുകളുടെ കമാൻഡറായി സേവനം ചെയ്തു. യുസ് നേവി ഓപ്പറേഷനുകളുടെ ഡെപ്യൂട്ടി ചീഫായും സേവനം അനുഷ്ഠിച്ചു. 2022 സെപ്റ്റംബറിൽ വൈസ് സിഎൻഒ ആയി.

# കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് ആശിഷ് ജിതേന്ദ്ര ദേശായി സത്യപ്രതിജ്ഞ ചെയ്തു



കൊച്ചി :കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് ആശിഷ് ജിതേന്ദ്ര ദേശായി സത്യപ്രതിജ്ഞ ചെയ്തു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ഗുജറാത്ത് ഹൈക്കോടതി ആക്ടിങ് ചീഫ് ജസ്റ്റിസ് ആയിരുന്നു ആശിഷ് ജെ.ദേശായി. ഗുജറാത്ത് ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് ജെ.പി.ദേശായിയുടെ മകനാണ്. ഗുജറാത്ത് ഹൈക്കോടതിയിൽനിന്നു കേരള ചീഫ് ജസ്റ്റിസാകുന്ന ആദ്യത്തെ ജഡ്ജി കൂടിയാണ് ജസ്റ്റിസ് ദേശായി. 2011 ലാണു ഗുജറാത്ത് ഹൈക്കോടതിയിലെ അഡീഷനൽ ജഡ്ജിയായത്. നേരത്തേ, ഗുജറാത്ത് ഹൈക്കോടതിയിൽ കേന്ദ്ര സർക്കാരിന്റെ സ്റ്റാൻഡിങ് കൗൺസൽ ആയിരുന്നു. സുപ്രീം കോടതിയിലേക്കു സ്ഥാനക്കയറ്റം ലഭിച്ചില്ലെങ്കിൽ അടുത്തവർഷം ജൂലൈ നാലിനു വിരമിക്കും. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് എസ്.വി. ഭട്ടിയെ സുപ്രീം കോടതി ജഡ്ജിയായി ഉയർത്താൻ കൊളീജിയം ശുപാർശ ചെയ്തിരുന്നു. ഈ സാഹചര്യത്തിലായിരുന്നു ആശിഷ് ജിതേന്ദ്ര ദേശായിയുടെ നിയമനം.

# പി വൈ പി എ അബുദാബിയുടെ ആഭിമുഖ്യത്തിൽ ത്രിദിന വേനൽ ക്യാമ്പ്

അബുദാബി : പിവൈപിഎ അബുദാബിയും എക്സൽ ഇന്റർനാഷണൽ വിബിഎസിന്റെയും സംയുക്താഭിമുഖ്യത്തിൽ ത്രിദിന വേനൽ ക്യാമ്പ് നാളെ (ജൂലൈ 23 ന്) ആരംഭിക്കും. 'SMS' എന്നതാണ് ഈ വർഷത്തെ ക്യാമ്പിന്റെ ചിന്താവിഷയം. ക്യാമ്പ് ജൂലൈ 25 ന് സമാപിക്കും. ZOOM ID : 857 849 300 30 passcode : excel

EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.
Pr. Blesson Cherian, Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ക്രിസ്ത്യാനിയായതിന് യുവാവിനെ കൊലപ്പെടുത്തി

കിബുകു : ഇസ്ളാം മതം വിട്ടു ക്രിസ്ത്യാനിയായതിനു യുവാവിനെ മതമൗലിക വാദികൾ കഴുത്തറത്തു കൊലപ്പെടുത്തി. ഉഗാണ്ടയിൽ പല്ലിസ ജില്ലയിൽ കസാബു ഗ്രാമത്തിലെ അബുദു അമിസി (22) യാണ് ദാരുണമായി കൊല്ലപ്പെട്ടത്. അബുദു കിബുകു ജില്ലയിലെ കാസാസിര വെസ്റ്റ് ഗ്രാമത്തിലെ ഒരു മാർക്കറ്റിൽ പോയശേഷം തിരികെ പോകുന്ന വഴിയിൽ ആക്രമിക്കപ്പെടുകയായിരുന്നു. സംഭവ ദിവസം അബുദുവിനെയും മറ്റു രണ്ടു യുവാക്കളെയും ഒരു സെമിനാർ ട്രെയിനിങ്ങിന്റെ ആവശ്യത്തിനുവേണ്ടി ചർച്ചിൽ നിന്നു ഭക്ഷണസാധനങ്ങൾ വാങ്ങാനായി മാർക്കറ്റിൽ അയച്ചിരുന്നു. മാർക്കറ്റിൽ എത്തിയപ്പോൾ തന്റെ നാട്ടുകാരനായ ഒരു യുവാവ് അബുദുവിനെ തിരിച്ചറിഞ്ഞിരുന്നു. അബുദു രക്ഷിക്കപ്പെട്ട് ക്രിസ്ത്യാനിയായത് താൻ ആറുമാസക്കാലം ക്രിസ്തുവിനെപ്പറ്റി പഠിച്ചശേഷമാണ്. അബുദുവും ഭാര്യയും കുഞ്ഞും വധഭീഷണി നേരിട്ടതിനെത്തുടർന്ന് മറ്റൊരു സ്ഥലത്ത് വാടകവീട്ടിൽ ഒളിവിൽ കഴിയുകയായിരുന്നു.

തങ്ങൾ സാധനങ്ങൾ വാങ്ങിയശേഷം മാർക്കറ്റിനു പുറത്തേക്കിറങ്ങിയപ്പോൾ അബുദുവിനെ തിരിച്ചറിഞ്ഞ യുവാവിന്റെ നേതൃത്വത്തിൽ മറ്റു മുസ്ളീങ്ങളെ സംഘടിപ്പിച്ചുകൊണ്ട് മൂർച്ചയുള്ള കത്തി ഉപയോഗിച്ച് അബുദുവിന്റെ കഴുത്തിൽ ഉൾപ്പെടെ ശരീരത്തിൽ മാരകമായി വെട്ടി പരിക്കേൽപ്പിക്കുകയായിരുന്നുവെന്ന കൂടെപോയ സഹോദരൻ പോലീസിനോടു പറഞ്ഞു. അക്രമികൾ ഉടൻ സ്ഥലം വിട്ടു. ഭയന്നുപോയ ഞങ്ങൾ ചർച്ചിലെ പാസ്റ്ററെ ഫോണിൽ വിളിച്ചറിയിച്ചു. പാസ്റ്റർ പോലീസിൽ അറിയിച്ചതിനെത്തുടർന്നു പോലീസ് സംഘം സ്ഥലത്തേക്കു പാഞ്ഞെത്തി മാരകമായി പരിക്കേറ്റ അബുദുവിനെ ആശുപത്രിയിലേക്കു കൊണ്ടുപോകുമ്പോൾ വഴിക്കുവച്ചു മരിക്കുകയായിരുന്നു. രക്തം ധാരാളമായി വാർന്നതിനെത്തുടർന്നായിരുന്നു മരണം സംഭവിച്ചതെന്ന് എംബയിൽ റീജണൽ ഫെറൽ ആശുപത്രിയിലെ ഡോക്ടർ പറഞ്ഞു. അബുദുവിനു ഭാര്യയും 3 വയസ്സുള്ള മകനുമുണ്ട്. ഇവരുടെ ഭാവി ജീവിതത്തിലും സുരക്ഷാ ഭീഷണിയുണ്ടെന്ന് പാസ്റ്റർ പറഞ്ഞു.

## ലോക ജനസംഖ്യയിലെ 60 ശതമാനവും സോഷ്യൽ മീഡിയയിൽ; പുതിയ പഠന റിപ്പോർട്ട്



പാരിസ്: ലോക ജനസംഖ്യയിലെ 60 ശതമാനം പേരും സാമൂഹ്യ മാധ്യമങ്ങളിൽ സജീവമെന്ന് റിപ്പോർട്ട്. ഡിജിറ്റൽ അഡ്വൈസറി കമ്പനിയായ കെപിയോസാണ് അഞ്ച് ബില്യണിലധികം ജനങ്ങൾ സമൂഹ മാധ്യമങ്ങൾ ഉപയോഗിക്കുന്നുവെന്ന് പഠനത്തിലൂടെ സൂചിപ്പിക്കുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ 3.7 ശതമാനം കൂടുതലാണിതെന്നാണ് പഠനത്തിൽ പറയുന്നത്. ലോക ജനസംഖ്യയുടെ 5.19 ബില്യൺ അല്ലെങ്കിൽ 64.5 ശതമാനം പേരും ഇന്റർനെറ്റ് ഉപയോഗിക്കുന്നുവെന്നാണ് റിപ്പോർട്ട് പറയുന്നത്. എന്നാൽ ഇന്റർനെറ്റ് ഉപയോഗിക്കുന്ന ആളുകളുടെ എണ്ണത്തിൽ സ്ഥലങ്ങൾ തമ്മിൽ വ്യത്യാസം നിൽക്കുന്നുണ്ട്. മധ്യ, കിഴക്ക് ആഫ്രിക്കയിൽ 11ൽ ഒരാളാണ് സാമൂഹ്യ മാധ്യമം ഉപയോഗിക്കുന്നത്. ഇന്ത്യയിൽ മൂന്നിൽ ഒരാളാണ് സോഷ്യൽ മീഡിയ ഉപയോഗിക്കുന്നത്. സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്ന സമയത്തിലും വർധനവുണ്ടായിട്ടുണ്ട്. ഏകദേശം രണ്ട് മണിക്കൂർ 26 മിനിറ്റാണ് ആളുകൾ സോഷ്യൽ മീഡിയയിൽ സമയം ചെലവഴിക്കുന്നത്. ഇവിടെയും സ്ഥലങ്ങൾ മാറുന്നതിനനുസരിച്ചുള്ള അസമത്വങ്ങൾ കാണാം. ബ്രസീലുകാർ പ്രതിദിനം ശരാശരി മൂന്ന് മണിക്കൂറും 49 മിനിറ്റുമാണ് ഉപയോഗിക്കുന്നത്. ജപ്പാനുകാർ ഒരു മണിക്കൂറിൽ താഴെയാണ് ഉപയോഗിക്കുന്നത്. വാട്സ്ആപ്പ്, ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ ഏഴ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളാണ് ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്നത്. വീചാറ്റ്, ടിക് ടോക് എന്നീ ചൈനീസ് ആപ്ലിക്കേഷനും ട്വിറ്റർ, മെസഞ്ചർ, ടെലിഗ്രാം എന്നിവയും ആളുകൾ കൂടുതലായി ഉപയോഗിക്കുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുന്നുണ്ട്.

## വടക്കൻ കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത



കൊച്ചി : വടക്കൻ കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം. ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ശക്തമായ മഴയുണ്ടാകുമെന്നാണ് മുന്നറിയിപ്പ്. ഈ ജില്ലകളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം വ്യാപകമായ മഴക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. മലയോര മേഖലയിൽ ശക്തമായ കാറ്റിന് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു. തിങ്കളാഴ്ച വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മുകളിലായി പുതിയൊരു ന്യൂനമർദ്ദം രൂപപ്പെടാൻ സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ അറിയിപ്പ്. ഇതിന്റെ സ്വാധീന ഫലമായാണ് മഴ പ്രവചിക്കപ്പെട്ടിരിക്കുന്നത്.

## നിത്യതയിൽ



മുംബൈ : ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ മുൻ ഓവർസീയർ മാവേലിക്കര ചെറുകോൽ തുലവട്ടയിൽ പരേതരായ റ്റി ജെ മാത്യുവിന്റെയും മേരി മാത്യുവിന്റെയും മകൻ പാസ്റ്റർ ജോസഫ് മാത്യു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ചില വർഷങ്ങളായി ശാരീരിക സൗഖ്യമില്ലാതെ ഭവനത്തിൽ വിശ്രമിക്കുകയായിരുന്നു. മുംബൈയിലെ പ്രാരംഭ വിദ്യാഭ്യാസത്തിന് ശേഷം ഹരിയാനയിലെ ഗ്രേസ് ബൈബിൾ കോളേജിൽ നിന്നും ബൈബിൾ പഠനം പൂർത്തിയാക്കി ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയനോട് ചേർന്ന് ആഗ്ര, ബോരിവല്ലി, സഹർ, സിദ്ധാർഥ് നഗർ, വി റ്റി, മീര റോഡ് എന്നീ സഭകളിൽ ശുശ്രൂഷകനായും, ഡിസ്ട്രിക്റ്റ് പാസ്റ്റർ, ദൈവസഭയുടെ മഹനീയം ബൈബിൾ കോളേജിന്റെ ഡീൻ, രജിസ്ട്രാർ, പ്രിൻസിപ്പൽ എന്നീ നിലകളിലും, ദൈവസഭ ഇവാൻജെലിസം ഡയറക്ടറായും, 2010 മുതൽ 2016 വരെ റീജിയൻ ഓവർസീയറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ : ഷേർളി ജോസഫ് (റിട്ടയേർഡ് വൈസ് പ്രിൻസിപ്പൽ, ബോംബെ ഹോസ്പിറ്റൽ). മക്കൾ : ജാസ്ഫർ ജോസഫ്, സ്റ്റീവ് ജോസഫ്. മരുമകൾ : റിയ ജാസ്ഫർ (എല്ലാവരും യു കെ).
സംസ്കാരം പിന്നീട്. ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവരെയും, കുടുംബങ്ങളെയും, ദൈവസഭയെയും പ്രാർത്ഥനയിൽ ഓർക്കുക.

## സ്റ്റേഷൻ ഓഫ് ജനറേസിറ്റി (എസ്.ഒ.ജി) കോൺഫ്രറസ്






കൊച്ചി: അവാന സൗത്ത് ഇൻഡ്യ റീജിയന്റെ ആഭിമുഖ്യത്തിൽ ജംഗിൽമു. New Life Fellowship Church ൽ വച്ച് രണ്ട് ദിവസത്തെ സ്റ്റേഷൻ ഓഫ് ജനറേസിറ്റി (എസ്.ഒ.ജി) കോൺഫ്രൻസ് നടന്നു. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള ലീഡേഴ്സ് കോൺഫ്രറസ്സിൽ പങ്കെടുത്തു. അവാന സൗത്ത് ഇൻഡ്യ റീജണറൽ ഡയറക്ടർ ആശീഷ് എബ്രഹാം നോർത്ത് സെൻട്രൽ വെസറ്റ് റീജണറൽ ഡറക്ടർ: സാജു ജോൺ Dr. ഈപ്പൻ തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി

# കലാപത്തിന്റെ മറവിൽ ആസൂത്രിതമായ ക്രൈസ്തവവേട്ട:മുഖ്യമന്ത്രി



തിരുവനന്തപുരം: ആസൂത്രിതമായ ക്രൈസ്തവ വേട്ടയാണ് മണിപ്പൂർ കലാപത്തിന്റെ മറവിൽ നടക്കുന്നതെന്ന് കേരള മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രണ്ടുമാസത്തിലധികമായി തുടരുന്ന വംശീയ കലാപത്തെ ഭയാശങ്കകളോടെ മാത്രമേ നോക്കി കാണാൻ കഴിയൂ. അത്യന്തം ഭയാനകമായ ദൃശ്യങ്ങളാണ് മനുഷ്യ മനഃസാക്ഷിയെ മുറിവേൽപ്പിച്ചുകൊണ്ട് തുടർച്ചയായി വന്നുകൊണ്ടിരിക്കുന്നത്. അങ്ങേയറ്റം നിന്ദ്യവും അതി ക്രൂരവുമായ രീതിയിലാണ് കുക്കി വിഭാഗത്തിലെ സ്ത്രീകൾ ആൾക്കൂട്ട കലാപകാരികളാൽ വേട്ടയാടപ്പെട്ടത്. കലാപം ആരംഭിച്ചതിൻറെ തൊട്ടടുത്ത ദിവസങ്ങളിലെ ദൃശ്യങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. അധികാര രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി വിദ്വേഷം വിതച്ചുകൊണ്ട് മണിപ്പൂരിനെ കലാപഭൂമിയാക്കുന്ന സംഘപരിവാർ അ



ജണ്ടയെ രാജ്യത്തെ മതനിരപേക്ഷ സമൂഹം തിരിച്ചറിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മണിപ്പൂരിൽ നിന്ന് അനുദിനം സ്തോഭജനകമായ വാർത്തകളാണ് വരുന്നത്.

മണിപ്പൂരിലെ പർവതതാഴ്‌വര നിവാസികൾ തമ്മിലുള്ള ചരിത്രപരമായ വൈരുദ്ധ്യങ്ങൾക്കുമേൽ എരിതീയിൽ എണ്ണയൊഴിച്ച് അതിനെ വർഗ്ഗീയമായി ആളിക്കത്തിക്കുകയാണ്. ഗോത്രവിഭാഗങ്ങളുടെ ക്രൈസ്തവ ദേവാലയങ്ങൾ സംഘടിതമായി ആക്രമിച്ചു തകർക്കപ്പെടുന്ന നിലയാണ്. സമാധാനം പുനഃസ്ഥാപിക്കാൻ ബാധ്യസ്ഥരായവർ തന്നെ കലാപം ആളിക്കത്തിക്കാൻ ശ്രമിക്കുന്നതായാണ് വാർത്തകൾ വരുന്നത്. മണിപ്പൂർ വിഷയത്തിലെ കേന്ദ്ര സർക്കാരിൻറെ കുറ്റകരമായ മൗനവും സംഘപരിവാർ അജണ്ടയും ശക്തമായി വിമർശിക്കപ്പെടുകയാണ്. വർഗ്ഗീയ ധ്രുവീകരണം ശക്തിപ്പെടുത്തുന്നതിനുള്ള ആസൂത്രിത ശ്രമങ്ങളെ ചെറുത്തു തോൽപ്പിക്കേണ്ടത് ജനാധിപത്യ വിശ്വാസികളുടെ കടമയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

## മണിപ്പൂർ കലാപം : പ്രതികൾക്കെതിരെ നടപടിയുണ്ടാവണം ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ

**മണിപൂരിലുണ്ടായ ഭയാനകമായ സംഭവങ്ങളുടെ യാർത്ഥ ചിത്രം ഇനിയും വെളിപ്പെട്ടിട്ടില്ല**

തിരുവല്ല: മണിപൂരിൽ കുക്കി വിഭാഗത്തിൽപ്പെട്ട സ്തീകളെ ക്രൂരമായി പീഡിപ്പിക്കുകയും നഗ്നരാക്കി റോഡിലൂടെ നടത്തിയതും ഭാരത ചരിത്രത്തിലെ ഏറ്റവും വലിയ മുറിപ്പാടാണെന്നും ഇതിനെതിരെ നടപടിയെടുക്കേണ്ട സർക്കാരുകളുടെ മൗനം അതിക്രൂരമാണെന്നും ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ.

ലോകരാജ്യങ്ങൾക്കു മുന്നിൽ ഇന്ത്യയെ നഗ്നനാക്കിയ കിരാതന്മാർക്കെതിരെയും മണിപ്പൂരിൽ സമാധാനം പുന:സ്ഥാപിക്കാൻ ഭരണകൂടം അടിയന്തിര നടപടിയെടുക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.
ക്രൈസ്തവരെ തിരഞ്ഞുപിടിച്ച കശാപ്പ് ചെയ്യുന്നതും ദേവാലയങ്ങളും സ്ഥാപനങ്ങളും തകർത്തതും ഭാരതത്തിലെ ക്രൈസ്തവരെ ഭയാകുലരാക്കുന്നു. മണിപൂരിലുണ്ടായ ഭയാനകമായ സംഭവങ്ങളുടെ യാർത്ഥ ചിത്രം ഇനിയും വെളിപ്പെട്ടിട്ടില്ല.
നാനൂറോളം ക്രിസ്ത്രീയ ദേവാലയങ്ങളും പതിനായിരക്കണക്കിനു ക്രൈസ്തവരുടെ ഭവനങ്ങളും തെരഞ്ഞുപിടിച്ചു അക്രമണം നടത്തിയപ്പോഴും ഭരണാധികരികളുടെ മൗനം രാജ്യമെമ്പാടും വലിയ പ്രതിഷേധമാണ് ഉയർത്തിയത്. സൂം പ്ലാറ്റ്ഫോമിൽ കൂടിയ മീറ്റിംഗിൽ
ഗ്ലോബൽ മീഡിയ അസോസിയേഷൻ ഭാരവാഹികളായ സി.വി.മാത്യു , സാംകുട്ടി ചാക്കോ നിലമ്പൂർ, ഫിന്നി പി. മാത്യു , പാസ്റ്റർ രാജു ആനിക്കാട് , ഷിബു മുള്ളംകാട്ടിൽ, ടോണി ഡി. ചെവൂക്കാരൻ , അച്ചൻ കുഞ്ഞ് ഇലന്തൂർ, സി.പി. മോനായി, ഷാജി മാറാനാഥ , രാജൻ ആര്യപ്പള്ളി തുടങ്ങിയവർ പ്രസംഗിച്ചു.

## മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥന സംഗമം

കോഴിക്കോട് : കലാപത്താൽ ദുരിതപൂർണ്ണമായ മണിപ്പൂർ ജനതയെ ചേർത്ത് പിടിച്ച്, അവരുടെ പ്രശ്ന പരിഹാരത്തിന്നായി കോഴിക്കോട് പെന്തക്കോസ്ത് സമൂഹത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥന സംഗമം ജൂലൈ 23 ന് ഞായറാഴ്ച കോഴിക്കോട് നടക്കും. വൈകുന്നേരം 6 മുതൽ കോഴിക്കോട് നടക്കാവ് ഗുഡ്ന്യൂസ് ഫെല്ലോഷിപ്പ് ചർച്ചിൽ നടക്കുന്ന പ്രാർത്ഥന സംഗമത്തിൽ കോഴിക്കോടുള്ള പെന്തക്കോസ്ത് സഭകളുടെയും സുവിശേഷ സംഘടനകളുടെയും ലീഡേഴ്സും സഭ വിശ്വാസികളും പങ്കെടുക്കും.

ഐ പി സി കോഴിക്കോട് സെന്റർ ശുശ്രുഷകൻ പാസ്റ്റർ ബാബു എബ്രഹാം അദ്ധ്യക്ഷത വഹിക്കും. പ്രാർത്ഥന സംഗമം അസംബ്ളീസ് ഗോഡ് മലബാർ ഡിസ്ട്രിക്ട് സുപ്രണ്ട് റവ. വി ടി എബ്രഹാം ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർ നോബിൾ പി. തോമസ് വിഷയവാതരണം നടത്തും.
പാസ്റ്റർമാരായ അജി ജോൺ, ഷാജി ആന്റണി, സാം എം ജോൺ, ജോണി ജോസഫ്, റോയ് മാത്യു ചീരൻ, വി.വി അബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകും.

## മാധ്യമ സ്വാതന്ത്ര്യത്തിനും കൂച്ചുവിലങ്ങിട്ട് സർക്കാർ

**മണിപ്പൂരിലെ കൊടുംക്രൂരത മറച്ചുവെക്കാനുള്ള കേന്ദ്ര ഇടപെടലിൽ ഫേസ്ബുക്ക് പോസ്റ്റുകൾ ഡിലീറ്റ് ചെയ്യുന്നു**

ന്യൂഡൽഹി: മണിപ്പൂരിൽ യുവതികളെ അതിക്രൂരമായ പീഡനത്തിനിരയാക്കിയ വിഷയവുമായി ബന്ധപ്പെട്ട പോസ്റ്റുകൾ നീക്കം ചെയ്തു തുടങ്ങി. കേന്ദ്രസർക്കാർ സമ്മർദ്ധത്തിന് പിന്നാലെയാണ് ഈ വിഷയവുമായി ബന്ധപ്പെട്ട വിവിധ പോസ്റ്റുകൾ ഫേസ്ബുക്കും ടിറ്ററും നീക്കം ചെയ്യാൻ തുടങ്ങിയത്. ഫേസ്ബുക്ക് പോസ്റ്റ് മണിക്കൂറുകൾക്കുളളിൽ വൈറലായി മാറിയിരിന്നു. മൂവായിരത്തിൽ അധികം പേർ ഷെയർ ചെയ്ത പോസ്റ്റ് ആറ് ലക്ഷത്തോളം ആളുകളിലേക്ക് എത്തിയിരിന്നു. എന്നാൽ പോസ്റ്റ് ഡിലീറ്റ് ചെയ്തുക്കൊണ്ടുള്ള അറിയിപ്പ് ഫേസ്ബുക്കിൽ നിന്നു ലഭിക്കുകയായിരിന്നു.

വീഡിയോ വൈറലായതിന് പിന്നാലെ രാജ്യവ്യാപകമായയാണ് കേന്ദ്രസംസ്ഥാന സർക്കാരുകൾക്കെതിരെ പ്രതിഷേധം ഉയർന്നത്. തങ്ങളുടെ ഭരണത്തിന് കീഴിൽ രാജ്യത്തു നടക്കുന്ന ക്രൂര സംഭവങ്ങൾ രാഷ്ട്രീയമായി തിരിച്ചടിക്കുമെന്നു ഉറപ്പായതോടെ വീഡിയോ നീക്കം ചെയ്യാൻ ടിറ്ററിനോടും മറ്റു സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകളോടും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാർ രംഗത്തുവരികയായിരിന്നു. നിയമ നടപടി വരെയുണ്ടാകുമെന്ന ഭീഷണിയും കേന്ദ്രം മുഴക്കി. ഇതിന് പിന്നാലെ നിരവധി പേജുകളിൽ നിന്നാണ് വീഡിയോ നീക്കം ചെയ്തു അക്കൌണ്ടിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. എന്നാൽ വീഡിയോ കൂടാതെ തന്നെ ഇതുമായി ബന്ധപ്പെട്ട് പങ്കുവെയ്ക്കുന്ന വിവിധ പോസ്റ്റുകൾ സമൂഹ മാധ്യമങ്ങളിൽ നിന്നു നീക്കം ചെയ്യാൻ തുടങ്ങിയതാണ് ഏറെ ഞെട്ടിപ്പിക്കുന്നത്. പോസ്റ്റുകൾക്ക് വരെ നവമാധ്യമങ്ങളിൽ സമ്മർദ്ധം ചെലുത്തി കൂച്ചുവിലങ്ങിടുന്നത് രാജ്യം കടന്നുപോകുന്ന ദയനീയമായ സ്ഥിതിയാണ് വെളിവാക്കുന്നത്.

CNL7 MEDIA
Vol. 2 Issue 170
CHRISTIANLIVE DAILY
22 Saturday
Pages 5
539

# Wings of HOPE

AN ENGLISH DIGITAL WEEKLY FROM CHRISTIAN LIVE FAMILY

*An english digital weekly*
*From Christian Live Family*

